[Mr. N. P. Varghese.]

(*b*) are Government aware that there is no stud bull available in Muvattupuzha towu and that owners of cows are finding it difficult to cross their cows ?

HON'BLE MR. V. O. MARKOS : (*a*) No stud bull is maintained by Government or by farmers with Government subsidy in Muvattupuzha taluk.

(*b*) No.

പ്രൈമറിസ്കൂൾ കെട്ടിടങ്ങൾക്കുള്ള സ്ഥലമെടുപ്പ്

100. MR. PHILIPOSE MUTHALALI (*Kunnathur I—General*) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

(എ) കുന്നത്തൂർ താലൂക്കിൽ സ്ഥിരമായ പ്രൈമറിസ്കൂൾ കെട്ടിടങ്ങൾക്ക് സ്ഥലമെടുത്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എത്ര?

(സി) ഇനിയും എത്ര എണ്ണത്തിന് എടുക്കേണ്ടതായിട്ടുണ്ട്?

(ഡി) സ്ഥലമെടുക്കാത്തതിനു പ്രത്യേകകാരണങ്ങൾ വല്ലതുമുണ്ടോ?

(ഇ) വല്ല കെട്ടിടങ്ങളും പണി ആരംഭിച്ചിട്ടുണ്ടോ?

(എഫ്) ഇല്ലെങ്കിൽ എത്രനാളിനകം ആരംഭിക്കുമെന്നു പറയുന്നതിനു വയ്യെന്നുണ്ടാകുമോ?

HON'BLE MR. N. KUNJURAMAN : (എ) ഉണ്ട്.

(ബി) ൨൩. ൨൫ എണ്ണത്തിന്റെ സ്ഥലമെടുപ്പു നടപടികൾ പൂർത്തിയായിട്ടില്ല.

(സി) ഇനി ഒരു സ്കൂളിനും സ്ഥലം എടുക്കേണ്ടതായിട്ടില്ല.

(ഡി) ബി, സി എന്നീ ഭാഗങ്ങൾക്കുള്ള ഉത്തരമനുസരിച്ച് ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) കഴിയുന്നതും വേഗത്തിൽ പണി ആരംഭിക്കുന്നതാണ്.

പന്നിവേലിച്ചിറ.

101. MR. P. C. GEORGE (*Pathanamthitta I—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഇറിഗേഷൻ വകുപ്പിന്റെ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) പത്തനംതിട്ട താലൂക്കിൽ മല്ലപ്പുഴശ്ശേരി പകുതിയിൽ പന്നിവേലിച്ചിറ നന്നാക്കിയാൽ അതിന് താഴെയുള്ള നിലങ്ങളിൽ കൂടുതൽ വിളവുണ്ടാകുമെന്ന് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly